# കണ്ണൂർസർവകലാശാല
## (പരീക്ഷാ വിഭാഗം)

www.kannuruniversity.ac.in

No. EG I.2/PR/2022 | കെ. യു എച്ച്. ക്യു, തീയതി: 06.01.2022

പ്രസിദ്ധീകരണത്തിന്

### പരീക്ഷാവിജ്ഞാപനം

2020 അഡ്മിഷൻ **പ്രൈവറ്റ് രജിസ്ട്രേഷൻ** വിദ്യാർഥികളുടെ **ഒന്നാം** സെമസ്റ്റർ **ബി. എ./ ബി. എ. അഫ്സൽ ഉൽ ഉലമ/ ബി.കോം./ ബി. ബി. എ.** റെഗുലർ (നവംബർ 2020) പരീക്ഷകൾക്ക് **07.01.2022** മുതൽ **15.01.2022** വരെ പിഴയില്ലാതെയും **18.01.2022** വരെ പിഴയോടുകൂടെയും ഓൺലൈനായി അപേക്ഷിക്കാം. അപേക്ഷകളുടെ പകർപ്പും ചലാനും **21.01.2022** നകം സർവകലാശാലയിൽ (വിദൂര വിദ്യാഭ്യാസ വിഭാഗത്തിൽ) സമർപ്പിക്കണം. വിശദമായ പരീക്ഷാ വിജ്ഞാപനം സർവകലാശാല വെബ്സൈറ്റിൽ.

### ഹോൾടിക്കറ്റ്

**12.01.2022** ന് ആരംഭിക്കുന്ന **ഒന്നാം വർഷ വിദൂര വിദ്യാഭ്യാസ ബിരുദ** സപ്ലിമെന്ററി/ ഇംപ്രൂവ്മെന്റ് (ഏപ്രിൽ 2021) പരീക്ഷകളുടെ ഹോൾടിക്കറ്റ്, നോമിനൽ റോൾ എന്നിവ സർവകലാശാല വെബ്സൈറ്റിൽ നിന്നും ഡൌൺലോഡ് ചെയ്യാം. ഫോട്ടോ പതിച്ച് അറ്റസ്റ്റ് ചെയ്ത ഹോൾടിക്കറ്റുമായി പരീക്ഷക്ക് ഹാജരാകേണ്ടതാണ്.

### ടൈംടേബിൾ

**11.01.2022** മുതൽ ആരംഭിക്കുന്ന സർവകലാശാല പഠനവകുപ്പുകളിലെ **രണ്ടാം** സെമസ്റ്റർ **പി. ജി./ ബി. പി. എഡ്.** റെഗുലർ, മെയ് 2021 പരീക്ഷകളുടെ ടൈംടേബിൾ സർവകലാശാല വെബ്സൈറ്റിൽ ലഭ്യമാണ്.

### പരീക്ഷാഫലം

**അഞ്ചാം** സെമസ്റ്റർ **ബി. എ. എൽഎൽ. ബി.** (റെഗുലർ/ സപ്ലിമെന്ററി - നവംബർ 2020), **അഞ്ചാം** സെമസ്റ്റർ **ബി. എ. എൽഎൽ. ബി.** (കോവിഡ് സ്പെഷ്യൽ - നവംബർ 2019), **ഒന്നാം** സെമസ്റ്റർ **എൽ.എൽ. എം.** (റെഗുലർ - നവംബർ 2020) പരീക്ഷാഫലം സർവകലാശാല വെബ്സൈറ്റിൽ ലഭ്യമാണ്. പുനഃപരിശോധനക്കും പകർപ്പിനും സൂക്ഷ്മപരിശോധനക്കും **18.01.2022** വരെ അപേക്ഷിക്കാം.

സർവ്വകലാശാല പഠനവകുപ്പിലെ **ഒന്നാം** സെമസ്റ്റർ **എം എസ് സി ക്ലിനിക്കൽ & കൗൺസിലിംഗ് സൈക്കോളജി (റഗുലർ-നവംബർ 2020)** പരീക്ഷാഫലം സർവ്വകലാശാലാ വെബ്സൈറ്റിൽ ലഭ്യമാണ് .

പുനഃപരിശോധന, സൂക്ഷ്മപരിശോധന, ഫോട്ടോകോപ്പി എന്നിവയ്ക്ക് **19.01.2022** ന് വൈകുന്നേരം 5 മണി വരെ അപേക്ഷിക്കാവുന്നതാണ്.

ഒപ്പ്/-

**അസിസ്റ്റന്റ് രജിസ്ട്രാർ I**
**പരീക്ഷാവിഭാഗം**